# 14-ാം കേരള നിയമ സഭ

# 14-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2162** 06.02.2019 -ൽ മറുപടിയ്ക്ക്

## ബി.പി.എൽ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി) |
| (എ) | സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിച്ച ബി.പി.എൽ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 30 മാർക്ക് ലഭിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ നിശ്ചയിച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 30 മാർക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) | സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. അതിന് ശേഷം മാത്രമേ അർഹരായ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കാൻ കഴിയൂ. |
| (സി) | സംഭരിച്ച സഞ്ചിതനിധിയുടെ നാമമാത്ര വിഹിതം മാത്രമേ ഇതുമൂലം സ്കോളർഷിപ്പിനായി ചെലവഴിക്കപ്പെടുന്നുള്ളൂ എന്നത് പരിഗണിച്ച് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ ആവശ്യമായ ഇളവുവരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഒരു വർഷം സ്വരൂപിക്കുന്ന മുഴുവൻ തുകയും അതാത് വർഷം തന്നെ സ്കോളർഷിപ്പായി അനുവദിക്കുക എന്നല്ല മറിച്ച് സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം സ്കോളർഷിപ്പ് അനുവദിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായ ചിത്രം വ്യക്തമാകുകയുള്ളൂ. അതിനാൽ മാനദണ്ഡങ്ങളിൽ ഉടൻ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**